മറുനാടൻ മലയാളികളുടെ സഹായത്തോടെ ആരംഭിച്ച വ്യവസായങ്ങൾ

* 77 [78] ശ്രീ. കെ. പി. എ. മജീദ്:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, പി. കെ. കെ. ബാവ:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, നാലകത്തു സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറുനാടൻ മലയാളികളുടെ മൂലധനനിക്ഷേപത്തിൽ കേരളത്തിൽ ഇതിനകം എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം;

(സി) അവയിൽ ഉൽപ്പാദനം തുടങ്ങിയവ ഏതെല്ലാം?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) മറുനാടൻ മലയാളികളുടെ മൂലധന നിക്ഷേപത്തിൽ കേരളത്തിൽ ഇതിനകം 62 വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) അവയിൽ താഴെ പറയുന്ന യൂണിറ്റുകൾ ഉൽപ്പാദനം ആരംഭിച്ചു. മറ്റ് യൂണിറ്റുകളുടെ പ്രവർത്തനം നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

1. ഹെൻഡസ് ഇലക്ട്രോണിക്സ് — പാലക്കാട്
2. കാഡ്ബ്രോ ഇലക്ട്രോണിക്സ് — പൊന്നാനി
3. ടെലിസ്റ്റാർ ഇലക്ട്രോണിക്സ് — കണ്ണൂർ
4. ദർപ്പൺ ഇലക്ട്രോണിക്സ് — തിരുവനന്തപുരം
5. പുതുശ്ശേരി ഇൻഡസ്ട്രീസ് — തൃശ്ശൂർ
6. റൂം പ്രിൻറിംഗ് — തൃശ്ശൂർ

അഹമ്മദ്നഗർ പരിഷ്കാരം

* 78 [79] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം കലക്ടറേറ്റുകളിൽ അഹമ്മദ് നഗർ പരിഷ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) അതേർപ്പെടുത്തിയ ജില്ലകളിൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടായതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ?

* അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ് എന്നീ കലക്ടറേറ്റുകളും ഒഴികെയുള്ള 11 കലക്ടറേറ്റുകളിലും അഹമ്മദ് നഗർ പരിഷ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. പൊതുജനങ്ങൾക്ക് സൗകര്യങ്ങൾ വർദ്ധിച്ചിട്ടുള്ളതായി ഗവൺമെന്റിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വനം കയ്യേറ്റം

* 79 [81] ശ്രീ. വി. വി. ജോസഫ്:

,, പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല ഭാഗങ്ങളിലും ഉദ്യോഗസ്ഥൻമാരുടെ സഹായത്തോടുകൂടി സ്വകാര്യവ്യക്തികൾ വനഭൂമി കൈവശപ്പെടുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ):

(എ, ബി) ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ശ്രമങ്ങൾ തടയുന്നതിനു ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വില്ലേജ് ഓഫീസുകൾ

* 80 [82] ശ്രീ. പി. സി. ജോർജ്:

ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം എത്ര വില്ലേജുകൾക്ക് ഓഫീസ് നിർമ്മിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ ജില്ലയിലും എത്രവീതം;

(സി) അതിന്റെ നിർമ്മാണം ഏത് ഘട്ടത്തിലിരിക്കുന്നു?

റവന്യൂവകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) കഴിഞ്ഞ സാമ്പത്തികവർഷം വിവിധ സ്കീമുകളിലായി 601 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സർക്കാർ ആരംഭിച്ചു. ഇതിൽ ബഹുഭൂരിപക്ഷത്തിന്റെയും പണി പൂർത്തിയാക്കുകയുണ്ടായി. ബാക്കി ഈ വർഷം പൂർത്തിയാക്കുന്നതാണ്. ഭൂമി ലഭ്യമാക്കുന്ന സ്ഥലങ്ങളിൽ എല്ലാനും വില്ലേജാഫീസ് കെട്ടിടങ്ങൾകൂടി ഈ വർഷം നിർമ്മിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly